# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – *12 26.09.2016- ൽ മറുപടിയ്ക്ക്

## നോർക്കയുടെ പ്രവർത്തന മേഖല വിപുലീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.വി. അബ്ദുൾ ഖാദർ**<br>**ശ്രീ.എസ്. ശർമ്മ**<br>**ശ്രീ. പി.ടി.എ. റഹീം**<br>**ശ്രീ. കാരാട്ട് റസാഖ്** | **ശ്രീ. പിണറായി വിജയൻ**<br>***(മുഖ്യമന്ത്രി)*** |
| എ) ദുരിതം അനുഭവിക്കുന്ന പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുവാൻ നോർക്ക എന്തെങ്കിലും നടപടിയെടുക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) ഭാരത സർക്കാരിന്റെ വിദേശ കാര്യ വകുപ്പ്, എംബസി എന്നിവയുമായി സഹകരിച്ച് ദുരിതമനുഭവിക്കുന്ന മലയാളികളെ നാട്ടിലെത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരത്തിൽ മടങ്ങി വരുന്നവരെ സഹായിക്കുന്നതിനായി അവർ വരുമ്പോൾ എയർപോർട്ടിൽ ഹെൽപ് ഡെസ്ക് സംവിധാനം ഏർപ്പെടുത്താറുണ്ട്. കൂടാതെ ഓരോ പ്രവാസിക്കും യാത്രാ ടിക്കറ്റും പോക്കറ്റ് മണിയായി 2000 രൂപയും നല്കി വരുന്നുണ്ട്. |
| ബി) സൗദി അറേബ്യയിൽ ശമ്പളവും ഭക്ഷണവും ഇല്ലാതെ ലേബർ ക്യാമ്പിൽ കഴിഞ്ഞ പ്രവാസി ഇന്ത്യക്കാരിൽ കേരളീയരെ സംരക്ഷിക്കാൻ നോർക്കയ്ക്ക് സാധിച്ചിട്ടുണ്ടോ;<br>&<br>സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; | ബി) & സി) ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് ലേബർ ക്യാമ്പുകളിൽ കഴിയുന്ന പ്രവാസികളെ സഹായിക്കുന്നതിന് നിലവിൽ ഭാരത സർക്കാരിന്റെ കീഴിലുള്ള വിദേശകാര്യവകുപ്പും എംബസികളുമാണ് നടപടികൾ സ്വീകരിച്ചു വരുന്നത്. കേരളീയർക്കു മാത്രമായി വിദേശ രാജ്യങ്ങളിൽ പ്രത്യേക സംവിധാനം ഒരുക്കാൻ വ്യവസ്ഥയില്ല. വിദേശ രാജ്യങ്ങളിലെ പ്രവർത്തന സംവിധാനം ഒരുക്കുന്നത് കേന്ദ്ര വിദേശ കാര്യ വകുപ്പും എംബസികളുമാണ്. വിദേശ കാര്യ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് വേണ്ട കാര്യങ്ങൾ കേരള സർക്കാർ ചെയ്തു വരുന്നുണ്ട്. |

വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. തിരികെയെത്തുന്ന ദുരിതമനുഭവിക്കുന്ന കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 1,00,000/- രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ പ്രവാസി മലയാളികളുടെ ചികിത്സയ്ക്കോ, മരണപ്പെട്ട പ്രവാസിയുടെ /കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനും മരണപ്പെട്ട പ്രവാസി മലയാളികളുടെ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കും, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനും പ്രവാസിയ്ക്ക്/കുടുംബാംഗങ്ങൾക്ക് വീൽ ചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനും ഒറ്റത്തവണയായി നോർക്കാ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം നല്കി വരുന്നുണ്ട്.

ഡി) ദുരിതമനുഭവിക്കുന്ന പ്രവാസികളെ സുരക്ഷിതമായി നാട്ടിലെത്തിക്കുവാൻ സാധിക്കുംവിധം നോർക്കയുടെ പ്രവർത്തനമേഖല വിപുലീകരിക്കാൻ സാധിക്കുമോ;

ഡി) വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനവും രാജ്യത്തിന് പുറത്ത് ഏർപ്പെടുത്തേണ്ട സംവിധാനങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ മാത്രം അധികാര പരിധിയിൽ വരുന്ന കാര്യമാണ്.

ഇ) കൂടുതൽ തൊഴിൽ മേഖലകൾ കണ്ടെത്തി റിക്രൂട്ട്മെന്റ് വിപുലീകരിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കുമോ?

ഇ) കൂടുതൽ തൊഴിൽ മേഖല കണ്ടെത്തി റിക്രൂട്ട്മെന്റ് വിപുലീകരിക്കുന്നതിന് താഴെപ്പറയുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്.

മലയാളികളായ തൊഴിൽ അന്വേഷകർക്ക് വിദേശ രാജ്യങ്ങളിലെ തൊഴിൽ വിപണിയുടെ ആവശ്യാനുസരണം പരിശീലനം നല്കുവാനും അവരുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്താനും വേണ്ടി സ്കിൽ അപ്ഗ്രഡേഷൻ & റീ ഇന്റഗ്രേഷൻ ട്രെയിനിംഗ് പ്രോഗ്രാം (Skill Upgradation & Re-integration Training Programme) പദ്ധതി നിലവിലുണ്ട്. തെരെഞ്ഞെടുക്കപ്പെട്ട വിദഗ്ദ്ധ തൊഴിൽ മേഖലകളായ വെൽഡർ, എ.സി. മെക്കാനിക്ക്, ഹെവി ഡ്യൂട്ടി മെക്കാനിക്ക്, ഫിറ്റർ, ജെ.സി.ബി. ഓപ്പറേറ്റർ എന്നിവയിൽ കൂടുതൽ തൊഴിൽ സാധ്യതയുണ്ടെന്ന് കണ്ടെത്തുകയും ഈ മേഖലകളിൽ തൊഴിൽ അന്വേഷകർക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭിക്കുന്നതിനാവശ്യമായ തൊഴിൽ നൈപുണ്യം നല്കുന്നതിനായി ഈ പദ്ധതി വിപുലീകരിക്കുവാൻ നോർക്ക റൂട്ട്സിന് നിർദ്ദേശം നല്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**